## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2532** **24-06-2024 - ൽ മറുപടിയ്ക്ക്**

## ട്രാക്കോ കേബിൾ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ നേരിടുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സ്ഥാപനത്തിന്റെ പ്രധാന ഉൽപ്പന്നമായ വൈദ്യുത വിതരണ കേബിളുകളുടെ മുഖ്യ ഉപഭോക്താവായ കെ.എസ്.ഇ.ബിയുടെ ടെണ്ടറുകളിൽ പൊതുമേഖലയെന്ന പരിഗണന ലഭിക്കാതെ സ്വകാര്യ മേഖലയുമായി മത്സരിക്കേണ്ടിവരുന്ന സാഹചര്യം, ഉയർന്ന ഉത്പാദന ചിലവ്, തുടർച്ചയായ നഷ്ടം മൂലമുണ്ടാകുന്ന ഉയർന്ന സാമ്പത്തിക ബാധ്യതകൾ, പ്രവർത്തന മൂലധനത്തിന്റെ അഭാവം, നിലവിലെ എൻ.സി.എൽ.ടി. കേസുകൾ തുടങ്ങിയവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. പ്രസ്തുത വിഷയങ്ങൾ ഉന്നത തല യോഗത്തിൽ പരിശോധിച്ചതന്റെ അടിസ്ഥാനത്തിൽ കമ്പനി നേരിടുന്ന പ്രതിസന്ധികൾ മറികടക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള റിവൈവൽ പാക്കേജ് സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ശമ്പളം നൽകുന്ന കാര്യത്തിൽ നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ പ്രതിസന്ധി പരിഹരിച്ച് ശമ്പളം എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. നിലവിൽ കമ്പനിയ്ക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. ഇത് കൂടാതെ മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുകയും ഓർഡറുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 3.50 കോടി രൂപ കമ്പനിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവർത്തന മൂലധനം ലഭ്യമായി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുന്നതനുസരിച്ച് ശമ്പള കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർപ്പാക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് പ്രതിസന്ധിക്ക് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. നിലവിൽ കമ്പനിയ്ക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. ഇത് കൂടാതെ മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുകയും |

| | | | |
|---|---|---|---|
| | | | ഓർഡറുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 3.50 കോടി രൂപ കമ്പനിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവർത്തന മൂലധനം ലഭ്യമായി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുന്നതനുസരിച്ച് ശമ്പള കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർപ്പാക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | പ്രവർത്തന മൂലധനം ആവശ്യപ്പെട്ട് കമ്പനി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് പ്രവർത്തന മൂലധനം നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. നിലവിൽ കമ്പനിയ്ക്ക് കെ.എസ്.ഇ.ബിയിൽ നിന്നും ഓർഡറുകൾ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. ഇത് കൂടാതെ മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുകയും ഓർഡറുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിനായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 3.50 കോടി രൂപ കമ്പനിക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവർത്തന മൂലധനം ലഭ്യമായി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുന്നതനുസരിച്ച് ശമ്പള കുടിശ്ശികകൾ ഘട്ടം ഘട്ടമായി തീർപ്പാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ